പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1891 10.03.2020-ൽ മറുപടിക്ക്

## പാരമ്പര്യ വൈദ്യൻമാർക്ക് ലൈസൻസ്

**ചോദ്യം**

ശ്രീ.പി.സി. ജോർജ്

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പാരമ്പര്യ വൈദ്യ ചികിത്സ നടത്തുന്നവർക്ക് ലൈസൻസ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; | (എ) | ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് കേരളത്തിൽ മെഡിക്കൽ രജിസ്ട്രേഷൻ നൽകി വരുന്നത്. ഇതിനായി സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ ആക്ടിലെ ഷെഡ്യൂളിൽ ഉൾപ്പെട്ട അംഗീകൃത യോഗ്യതയുള്ളവർക്കാണ് ഭാരതീയ ചികിത്സാ സമ്പ്രദായം കൗൺസിലിൽ ഇപ്രകാരം രജിസ്ട്രേഷൻ നൽകി വരുന്നത്. |
| (ബി) | ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 04.06.2009-ലെ സ.ഉ(എം.എസ്) നം.145/2009/ആകുവ, 17.06.2009-ലെ സ.ഉ(എം.എസ്) നം.170/2009/ആകുവ, 17.08.2009-ലെ സ.ഉ(എം.എസ്) നം.293/2009/ആകുവ, 21.02.2011-ലെ സ.ഉ(എം.എസ്) നം.114/2011/ആകുവ എന്നീ ഉത്തരവുകളാണ് പാരമ്പര്യ വൈദ്യൻമാരുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും പ്രധാനമായി പുറപ്പെടുവിച്ചിട്ടുള്ളത്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം I, II, III, IV ആയി ചേർത്തിരിക്കുന്നു. |
| (സി) | പാരമ്പര്യ വൈദ്യ ചികിത്സ നടത്തുന്നവർ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്ന ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ആയുർവേദവും ആധുനിക ജൈവ സാങ്കേതിക വിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്ക് വേണ്ടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ നടപ്പിലാക്കി വരുന്നു. താളിയോല ശേഖരത്തിൽ നിന്നും ഔഷധക്കൂട്ടുകളുടെ രഹസ്യം കണ്ടെത്തി പരീക്ഷണങ്ങളിലൂടെയും പരിശോധനകളിലൂടെയും ഇത്തരം മരുന്ന് ഫലപ്രദമാണെന്ന് ഉറപ്പാക്കുകയും ചികിത്സാരീതികൾക്ക് ഉപയോഗപ്പെടുത്തുകയും അത് പൊതുജനങ്ങൾക്കും ഭാവി തലമുറയ്ക്കും പ്രയോജനപ്രദമായ തരത്തിൽ സംരക്ഷിക്കപ്പെടുകയും ചെയ്യേണ്ടത് പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. ഇത്തരത്തിൽ പഴയ അറിവുകളെ കണ്ടെത്തുകയും സംയോജിപ്പിക്കുകയും ചെയ്യുമ്പോൾ എല്ലാത്തരം പാരമ്പര്യ അറിവുകളും പ്രയോജനപ്പെടുത്തുവാനും അതിന്റെ ഗുണനിലവാരം ഉറപ്പാക്കാനും സാധിക്കും. |

സെക്ഷൻ ഓഫീസർ.

# കേരള സർക്കാർ

## സംഗ്രഹം

ആ.കു.വ. - മലബാർ മേഖലയിലെ പാരമ്പര്യ ആയുർവേദ വൈദ്യന്മാർക്കും ഹോമിയോപ്പതി പ്രാക്ടീഷണർമാർക്കും തിരുവിതാംകൂർ-കൊച്ചി മേഖലയിലെ പാരമ്പര്യ സിദ്ധവൈദ്യന്മാർക്കും പ്രാക്ടീസ് തുടരുന്നതിന് അനുമതി നൽകുന്നതും രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കുന്നതും സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു

---

## ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

സ.ഉ.(എം.എസ്) നമ്പർ. 145/09/ആകുവ    തിരുവനന്തപുരം, തീയതി, 4.6.2009

---

സൂചന: 1. 997/06, 2845/06, 3060/06, 3344/06, 3815/06, 3981/06, 4000/06 എന്നീ ഒ.പി.കളിലുള്ള 2.11.1987-ലെ ഹൈക്കോടതി വിധി.

2. തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ കൗൺസിൽ രജിസ്ട്രാറുടെ 18.6.2008-ലെ എച്ച് 2013/08/എം.സി. നമ്പർ കത്ത്.

## ഉത്തരവ്

1. പാരമ്പര്യ ആയുർവേദ/സിദ്ധ വൈദ്യന്മാരുടേയും അംഗീകൃത നിലവാരമില്ലാത്ത ഹോമിയോപ്പതി പ്രാക്ടീഷണർമാരുടേയും ഭാഗത്തുനിന്നും അംഗീകൃത രജിസ്റ്റേർഡ് പ്രാക്ടീഷണർമാരുടെ ഭാഗത്തു നിന്നും നിരവധി വ്യവഹാരങ്ങൾ പ്രാക്ടീസ് ചെയ്യുന്നത് സംബന്ധിച്ച് നടന്നുവരുന്നുണ്ട് എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തിരു-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമത്തിലെ 38-ാം വകുപ്പ് പ്രകാരം തങ്ങളെ രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കണമെന്നും തങ്ങളുടെ ജീവിതമാർഗ്ഗം സംരക്ഷിക്കണമെന്നുമുള്ളതാണ് രജിസ്ട്രേഷൻ ഇല്ലാത്ത പാരമ്പര്യ വൈദ്യന്മാരുടേയും അംഗീകൃത വിദ്യാഭ്യാസയോഗ്യതയില്ലാത്ത ഹോമിയോപ്പതി പ്രാക്ടീഷണർമാരുടേയും ആവശ്യം. വ്യാജ വൈദ്യന്മാരെ ഒഴിവാക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടതുണ്ടെങ്കിലും പാരമ്പര്യ നാട്ടു വൈദ്യത്തെ നിരസിക്കുവാൻ കഴിയുകയില്ല. ചികിത്സയിൽ പ്രാവീണ്യമുള്ളവരും സംരക്ഷണം ലഭിക്കേണ്ട അനുഭവസമ്പത്തുള്ളവരുമായ നിരവധി വ്യക്തികൾ പാരമ്പര്യ വൈദ്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

2. ആയുർവേദ-സിദ്ധ പ്രാക്ടീഷണർമാർക്ക് ബാധകമായിട്ടുള്ള കേന്ദ്ര നിയമം ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ ആക്ട് 1970 ആണ്. പ്രസ്തുത ആക്ടിലെ സെക്ഷൻ 17 സബ്സെക്ഷൻ 2 അനുസരിച്ച് ഇന്ത്യൻ മെഡിസിൻ സെൻട്രൽ രജിസ്റ്ററിലോ, സ്റ്റേറ്റ് രജിസ്റ്ററിലോ എൻറോൾ ചെയ്തിട്ടുള്ള അംഗീകൃത മെഡിക്കൽ യോഗ്യതയുള്ള ഇന്ത്യൻ മെഡിസിൻ പ്രാക്ടീഷണർമാർക്കല്ലാതെ മറ്റാർക്കും സംസ്ഥാനത്ത് ഇന്ത്യൻ മെഡിസിൻ പ്രാക്ടീസ് ചെയ്യുവാൻ സാധിക്കുകയില്ല.

3. ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ ആക്ട് 1.10.1976-നാണ് പ്രാബല്യത്തിൽ വന്നത്. പ്രസ്തുത നിയമം നിലവിൽ വന്ന സമയത്ത് ഇന്ത്യൻ മെഡിസിന്റെ സ്റ്റേറ്റ് രജിസ്റ്റർ നിലവിലില്ല എങ്കിൽ പ്രസ്തുത നിയമം നിലവിൽ വരുന്നതിന് മുൻപ് 5 വർഷത്തിൽ കുറയാതെ ഇന്ത്യൻ മെഡിസിൻ പ്രാക്ടീസ് ചെയ്തു കൊണ്ടിരുന്നവർക്ക് ഒരു സംസ്ഥാനത്ത് പ്രാക്ടീസ് ചെയ്യുന്നതിന് പ്രസ്തുത നിയമത്തിലെ സെക്ഷൻ 17-ലെ സബ്സെക്ഷൻ 3 (സി) പ്രകാരം തടസ്സമില്ല. 1973-ലെ ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ ആക്ട് 1.8.1974 മുതൽ കേരള സംസ്ഥാനത്ത് നിലവിൽ വന്നു. പ്രസ്തുത ആക്ട് നിലവിൽ വരുന്ന സമയത്ത് ഹോമിയോപ്പതിയുടെ സ്റ്റേറ്റ് രജിസ്റ്റർ നിലവിലില്ല എങ്കിൽ, പ്രസ്തുത നിയമം നിലവിൽ വരുന്നതിന് മുമ്പ് 5 വർഷത്തിൽ കുറയാതെ ഹോമിയോപ്പതി പ്രാക്ടീസ് ചെയ്തു കൊണ്ടിരിക്കുന്നവർക്ക് ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ ആക്ട് 1973-ലെ 15(3)(സി) അനുസരിച്ച് ഇളവ് നൽകാവുന്നതാണ്. മേൽപറഞ്ഞ കേന്ദ്രനിയമങ്ങൾ നിലവിൽ വന്ന സമയത്ത് സംസ്ഥാനം മുഴുവൻ ബാധകമായ സ്റ്റേറ്റ് രജിസ്റ്റർ നിലവിലുണ്ടായിരുന്നില്ലായെന്ന് തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ കൗൺസിൽ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

4. സംസ്ഥാനത്ത് സിദ്ധവൈദ്യത്തിൽ അംഗീകൃത മെഡിക്കൽ കോഴ്സുകൾ അടുത്തകാലത്ത് മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. ഒരു സ്വാശ്രയ കോളേജിൽ മാത്രമാണ് സിദ്ധവൈദ്യശാസ്ത്രത്തിൽ ബി.എസ്.എം.എസ്. കോഴ്സ് ഇപ്പോൾ നടക്കുന്നത്. ആദ്യ ബാച്ചിലെ വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കിയിട്ടില്ല. സംസ്ഥാനത്ത് പ്രത്യേകിച്ച് മുൻ തിരുവിതാംകൂർ മേഖലയിൽ പാരമ്പര്യരീതിയിൽ ചികിത്സിക്കുന്ന സിദ്ധവൈദ്യന്മാരാണ് വർഷങ്ങളായി ചികിത്സാ സേവനം നൽകുന്നത്. അതിനാൽ തങ്ങളെ തിരു-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട്-1953 വകുപ്പ് 38 പ്രകാരം രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്

5. തിരു-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമത്തിലെ സെക്ഷൻ 38(സി) അനുസരിച്ച് തിരുവിതാംകൂർ-കൊച്ചി മേഖലയിൽ പ്രാക്ടീസ് ചെയ്യുന്ന ഏതെങ്കിലുമൊരു വ്യക്തിയെയോ, ഒരു കൂട്ടം വ്യക്തികളെയോ രജിസ്ട്രേഷൻ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അധികാരം ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ ആക്ടിന് വിരുദ്ധമല്ല.

6. കേരള ഹൈക്കോടതി 997/06, 2845/06, 3060/06, 3344/06, 3815/06, 3981/06, 4000/06 പെറ്റീഷനുകളിൽ 2.11.1987–ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ മലബാർ മേഖലയിൽ പ്രാക്ടീസ് ചെയ്തുവരുന്ന അംഗീകൃത യോഗ്യതയില്ലാത്ത ഹോമിയോപ്പതി പ്രാക്ടീഷണർമാരെ, അവർ മറ്റു ചികിത്സാരീതികളിൽ പ്രാക്ടീസ് ചെയ്യുന്നതായി ആക്ഷേപമില്ലാത്ത പക്ഷം, അവരുടെ പ്രാക്ടീസിൽ നിന്നും തടയരുതെന്ന് ഉത്തരവായിട്ടുണ്ട്.

7. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2.11.1987–ന് മലബാർ മേഖലയിൽ പ്രാക്ടീസ് ചെയ്തുകൊണ്ടിരുന്നവരും ഈ തീയതിയിൽ 21 വയസ്സ് പൂർത്തിയാക്കിയവരുമായ, അംഗീകൃത വിദ്യാഭ്യാസ യോഗ്യതയില്ലാത്ത പാരമ്പര്യ ആയുർവേദ വൈദ്യന്മാർക്കും ഹോമിയോപ്പതി പ്രാക്ടീഷണർമാർക്കും യഥാക്രമം പാരമ്പര്യ ആയുർവേദ വൈദ്യത്തിലും ഹോമിയോപ്പതിയിലും മലബാർ മേഖലയിൽ പ്രാക്ടീസ് തുടരുന്നതിന് അനുമതി നൽകുന്നതിനും തിരുവിതാംകൂർ–കൊച്ചി മേഖലയിൽ 5 വർഷത്തിൽ കുറയാതെ പ്രാക്ടീസ് നടത്തിവരുന്നവരും ഈ ഉത്തരവിന്റെ തീയതിയിൽ 21 വയസ്സ് പൂർത്തിയായവരുമായ പാരമ്പര്യ സിദ്ധ വൈദ്യന്മാരെ പ്രത്യേക വിഭാഗമായി പരിഗണിച്ച്, തിരുവിതാംകൂർ–കൊച്ചി മേഖലയിൽ പാരമ്പര്യ സിദ്ധവൈദ്യത്തിൽ പ്രാക്ടീസ് തുടരുന്നതിനുവേണ്ടി, തിരു–കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് 1953–ലെ സെക്ഷൻ 38(1) അനുസരിച്ച് രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥയിൽ നിന്നും ഇളവ് നൽകുന്നതിനും തീരുമാനിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.വിശ്വാസ് മേത്ത,
ഗവൺമെന്റ് സെക്രട്ടറി.

രജിസ്ട്രാർ, തിരുവിതാംകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിൽ, തിരുവനന്തപുരം.
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.
പൊതുജനസമ്പർക്ക വകുപ്പ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

K.S.Sudha

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

ആ.കു.വ. - മലബാർ മേഖലയിലെ പാരമ്പര്യ ആയുർവേദ വൈദ്യന്മാർക്കും ഹോമിയോപ്പതി പ്രാക്ടീഷണർമാർക്കും തിരുവിതാംകൂർ-കൊച്ചി മേഖലയിലെ പാരമ്പര്യ സിദ്ധവൈദ്യന്മാർക്കും പ്രാക്ടീസ് തുടരുന്നതിന് അനുമതി നൽകുന്നതും രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കുന്നതും സംബന്ധിച്ച ഉത്തരവ് - തിരുത്തൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

സ.ഉ.(എം.എസ്) നമ്പർ. 170/09/ആകുവ                തിരുവനന്തപുരം, തീയതി, 17.6.2009

---

പരാമർശം :- 4.6.2009-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 145/09/ആ.കു.വ.

## ഉത്തരവ്

പരാമർശത്തിലെ സർക്കാർ ഉത്തരവിലെ സൂചന ഒന്നിലും മണ്ഡിക ആറിലും "997/06, 2845/06, 3060/06, 3344/06, 3815/06, 3981/06, 4000/06" എന്നുള്ളത് "997/86, 2845/86, 3060/86, 3344/86, 3815/86, 3981/86, 4000/86" എന്നു തിരുത്തി വായിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.വിശ്വാസ് മേത്ത,
ഗവൺമെന്റ് സെക്രട്ടറി,

രജിസ്ട്രാർ, തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ, തിരുവനന്തപുരം.
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.
നിയമ വകുപ്പ് (Vide U.O. No. 805/F2/09/Law)
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sd/-
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

അനുബന്ധം III

# കേരള സർക്കാർ

## സംഗ്രഹം

ആ.കു.വ. - മലബാർ മേഖലയിലെ പാരമ്പര്യ ആയുർവേദ വൈദ്യന്മാർക്കും ഹോമിയോപ്പതി പ്രാക്ടീഷണർമാർക്കും തിരുവിതാംകൂർ-കൊച്ചി മേഖലയിലെ പാരമ്പര്യ സിദ്ധവൈദ്യന്മാർക്കും പ്രാക്ടീസ് തുടരുന്നതിന് അനുമതി നൽകുന്നതും രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കുന്നതും സംബന്ധിച്ച 4.6.2009-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.145/09/ആ.കു.വ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

സ.ഉ (എം.എസ്) നമ്പർ. 293/09/ആകുവ തിരുവനന്തപുരം, തീയതി, 17.8.2009

പരാമർശം :- 1. 4.6.2009-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 145/09/ആ.കു.വ

2. സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിന്റെ 3.7.2009-ലെ കത്ത് നമ്പർ. 6-9/2009-Legal 2485

## ഉത്തരവ്

പരാമർശം 1-ലെ ഉത്തരവനുസരിച്ച് 2.11.1987 ന് മലബാർ മേഖലയിൽ പ്രാക്ടീസ് ചെയ്തു കൊണ്ടിരുന്നവരും 4.6.2009-ന് 21 വയസ് പൂർത്തിയാക്കിയവരുമായ അംഗീകൃത വിദ്യാഭ്യാസ യോഗ്യതയില്ലാത്ത പാരമ്പര്യ ആയുർവേദ വൈദ്യന്മാർക്കും ഹോമിയോപ്പതി പ്രാക്ടീഷണർമാർക്കും യഥാക്രമം പാരമ്പര്യ ആയുർവേദ വൈദ്യത്തിലും ഹോമിയോപ്പതിയിലും മലബാർ മേഖലയിൽ പ്രാക്ടീസ് തുടരുന്നതിന് അനുമതി നൽകുന്നതിനും തിരുവിതാംകൂർ-കൊച്ചി മേഖലയിൽ 5 വർഷത്തിൽ കുറയാതെ പ്രാക്ടീസ് നടത്തിവരുന്നവരും 4.6.2009 ന് 21 വയസ് പൂർത്തിയായവരുമായ പാരമ്പര്യ സിദ്ധ വൈദ്യന്മാരെ പ്രത്യേക വിഭാഗമായി പരിഗണിച്ച്, തിരുവിതാംകൂർ-കൊച്ചി മേഖലയിൽ പാരമ്പര്യ സിദ്ധ വൈദ്യത്തിൽ പ്രാക്ടീസ് തുടരുന്നതിനും വേണ്ടി തിരു-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് 1953-ലെ സെക്ഷൻ 38(1) അനുസരിച്ച് രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥയിൽ നിന്നും ഇളവു നൽകുന്നതിനും സർക്കാർ തീരുമാനിച്ചിരുന്നു.

പരാമർശം 2-ലെ കത്തിൽ കേന്ദ്ര നിയമങ്ങൾക്ക് വിരുദ്ധമായതിനാൽ ഈ ഉത്തരവ് പിൻവലിക്കണമെന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 4.6.2009-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.145/09/ആ.കു.വ.-ലെ തീരുമാനം തൽക്കാലം നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മനോജ് ജോഷി
ഗവൺമെന്റ് സെക്രട്ടറി

സെക്രട്ടറി, സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ, ന്യൂഡൽഹി.
രജിസ്ട്രാർ, തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ, തിരുവനന്തപുരം.
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sd/-
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആ.കു.വ. - മലബാർ മേഖലയിലെ പാരമ്പര്യ ആയുർവേദ വൈദ്യന്മാരെയും അംഗീകൃത യോഗ്യതില്ലാത്ത ഹോമിയോപ്പതി ചികിത്സകരെയും രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥയിൽ നിന്ന് ഇളവു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്

സ.ഉ.(എം.എസ്) നമ്പർ.114/11/ആ.കു.വ. തിരുവനന്തപുരം, തീയതി, 21.2.2011

---

പരാമർശം.
1. 4.6.2009-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.145/09/ആ.കു.വ.
2. 13.7.2009-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.293/09/ആ.കു.വ.
3. 16.4.2010-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.1617/10/ആ.കു.വ.

<u>ഉത്തരവ്</u>

പാരമ്പര്യ ആയുർവേദ വൈദ്യന്മാരെയും അംഗീകൃത യോഗ്യതയില്ലാത്ത ഹോമിയോപ്പതി പ്രാക്ടീഷണർമാരുടെയും ജീവിതമാർഗ്ഗം സംരക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടെ മലബാർ മേഖലയിൽ 2.11.1987-ൽ ഇത്തരത്തിൽ പ്രാക്ടീസ് ചെയ്തുകൊണ്ടിരിക്കുന്നവരെയും തിരുവിതാംകൂർ-കൊച്ചി മേഖലയിലെ പാരമ്പര്യ സിദ്ധവൈദ്യന്മാരെയും രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥയിൽനിന്നും ഇളവു നൽകാൻ പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ ഇതിനെതിരെ ഹൈക്കോടതിയിൽ കേസ് വരുകയും സെൻട്രൽ ഇന്ത്യൻ മെഡിസിൻ കൗൺസിൽ നിർദ്ദേശം ലഭിക്കുകയും ചെയ്തതിനെ തുടർന്ന് പരാമർശം 2-ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത തീരുമാനം നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും 4.6.2009-ലെ ഉത്തരവ് മരവിപ്പിക്കുകയും ചെയ്തു.

2. പരാമർശം 3-ലെ ഉത്തരവ് പ്രകാരം ഈ വിഷയം സംബന്ധിച്ച് പഠനം നടത്തി ശുപാർശ നൽകാൻ യഥാക്രമം ആയുർവേദ, ഹോമിയോ മേഖലകളിലെ വിദഗ്ധരെയും പാരമ്പര്യ വൈദ്യന്മാരുടേയും ഹോമിയോപ്പതി ചികിത്സകരുടെയും പ്രതിനിധികളെയും ഉൾപ്പെടുത്തി സർക്കാർ രണ്ട് കമ്മിറ്റികളെ നിയോഗിച്ചു. എന്നാൽ ഇരു വിഭാഗങ്ങൾക്കും സ്വീകാര്യമായ ഒരു നിർദ്ദേശം മുന്നോട്ടുവയ്ക്കാൻ രണ്ട് കമ്മിറ്റികൾക്കും കഴിഞ്ഞില്ല. അതിനാൽ ഈ പ്രശ്നം ഇപ്പോഴും അവശേഷിക്കുകയാണ്. ഈ വിഷയത്തിൽ ബന്ധപ്പെട്ട നിയമങ്ങളായ 1953-ലെ തിരു-കൊച്ചി ആക്ടും 1974, 1976 വർഷങ്ങളിൽ യഥാക്രമം നിലവിൽ വന്ന കേന്ദ്ര ഹോമിയോപ്പതി കൗൺസിൽ, കേന്ദ്ര ഇന്ത്യൻ മെഡിസിൻ കൗൺസിൽ ആക്ടുകളും നിലവിൽ വന്നതിനുശേഷവും മലബാർ മേഖലയിൽ പഴയ മദ്രാസ് പ്രാക്ടീഷണേഴ്സ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രത്യേക ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെതന്നെ പലരും ആയുർവേദ, ഹോമിയോപ്പതി ചികിത്സകരായി തുടർന്നുവരുന്നു. ഇവരെ സംബന്ധിടത്തോളം അവരുടെ ജീവനോപാധി

സംരക്ഷിച്ചുകിട്ടേണ്ടത് മാനുഷിക പരിഗണന അർഹിക്കുന്ന വിഷയമാണ്. ഈ സാഹചര്യത്തിലാണ് സർക്കാർ ഈ വിഷയം വീണ്ടും വിശദമായി പരിശോധിച്ചത്.

3. 1953-ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് 1956-ലെ കേരള അഡാപ്റ്റേഷൻ ഓഫ് ലാ ഉത്തരവിലൂടെ സംയോജിപ്പിക്കപ്പെടുകയും കേരള സംസ്ഥാനത്തിന് ബാധകമാക്കുകയും ചെയ്തു. പ്രസ്തുത നിയമത്തിന്റെ 38-ാം വകുപ്പ് പ്രകാരം നിശ്ചിത മെഡിക്കൽ യോഗ്യതയില്ലാത്തവരും പ്രത്യേക വിഭാഗത്തിൽ പെട്ടവരുമായ ചികിത്സകരെ രജിസ്ട്രേഷനിൽ നിന്ന് ഒഴിവാക്കാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകുന്നുണ്ട്.

4. ഈ വിഷയങ്ങൾ എല്ലാം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മലബാർ മേഖലയിൽപെട്ട (പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ) 1.1.2011 തീയതി കണക്കാക്കി 20 വർഷമായി പ്രാക്ടീസ് ചെയ്തുവരുന്ന പാരമ്പര്യ ആയുർവേദ വൈദ്യന്മാരെയും അംഗീകൃത യോഗ്യതയില്ലാത്ത ഹോമിയോപ്പതി ചികിത്സകരെയും പ്രത്യേക വിഭാഗങ്ങളായി പരിഗണിച്ചുകൊണ്ട് 1953-ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് 38-ാം വകുപ്പ് പ്രകാരം പാരമ്പര്യ ആയുർവേദ വൈദ്യവും ഹോമിയോപ്പതിയും പ്രാക്ടീസ് ചെയ്യുന്നതിന് രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥയിൽ നിന്നും ഇളവു ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽപറഞ്ഞ രീതിയിൽ രജിസ്ട്രേഷനിൽ നിന്നും ഇളവ് ലഭിക്കാൻ അർഹതയുള്ളവർ അവരുടെ അപേക്ഷകൾ ആരോഗ്യകുടുംബക്ഷേമ വകുപ്പ് നിർദ്ദേശിക്കുന്ന പ്രകാരമുള്ള അപേക്ഷാഫോറത്തിൽ ഈ ഉത്തരവ് തീയതി മുതൽ ആറുമാസത്തിനകം ബന്ധപ്പെട്ട താലൂക്ക് തഹസീൽദാറുടെ സാക്ഷ്യപത്രത്തോടൊപ്പം സംസ്ഥാനത്തെ ഭാരതീയ വൈദ്യ/ഹോമിയോപ്പതി മെഡിക്കൽ കൗൺസിലുകളുടെ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുകയും രജിസ്ട്രാറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇതനുസരിച്ചുള്ള ഉത്തരവുകൾ നൽകുന്നതിന് ആരോഗ്യകുടുംബക്ഷേമ വകുപ്പിനെ അധികാരപ്പെടുത്തുകയും ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ. എസ്. ശ്രീനിവാസ്,
ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ, തിരുവനന്തപുരം.
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് വകുപ്പ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

THIS IS THE TRUE COPY OF THE DOCUMENT
MARKED AS EXT.P- 6 REFFERED
IN THE ABOVE WP (C)

സെക്ഷൻ ഓഫീസർ